**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4886** **02-07-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ലംപ്സം ഗ്രാന്റ്/സ്റ്റൈപ്പൻഡ് വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ നേഴ്സിംഗ് കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ ഏത് വർഷം വരെയുള്ള സ്റ്റൈപ്പൻഡ് വിതരണം പൂർത്തിയാക്കിയിട്ടുണ്ട്; ബാക്കി തുക എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ നേഴ്സിംഗ് കോളേജുകളുൾപ്പെടെയുള്ള മുഴുവൻ സ്ഥാപനങ്ങളുടെയും 2021-22 അധ്യയന വർഷം വരെയുള്ള അപ്രൂവൽ ലഭിച്ച സ്കോളർഷിപ്പുകൾ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ 2021-22 അധ്യയന വർഷം മുതൽ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ ഡയറക്ട് ബെനിഫിട് ട്രാൻസ്ഫർ സ്കീം (SNA-PFMS) സംവിധാനം മുഖേന മാത്രമേ അനുവദിച്ച് നൽകുവാൻ പാടുള്ളൂവെന്ന കേന്ദ്ര സർക്കാർ നിബന്ധന വരുത്തിയത് കാരണം സ്കോളർഷിപ്പ് കുടിശ്ശിക ആവാൻ കാരണമായി.<br><br>പട്ടികജാതി വിദ്യാർത്ഥികളുടെ 2022-23 വർഷം വരെയുള്ള കുടിശ്ശിക തീർത്തിട്ടുണ്ട്. 2024 -25 വർഷം പട്ടികജാതി വിദ്യാർത്ഥികളുടെ ഇ-ഗ്രാന്റ്സ് ആവശ്യത്തിനായി 150 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ നിന്നും 30 കോടി രൂപ കുടിശ്ശിക വിതരണം ചെയ്തു. വിദ്യാഭ്യാസാനുകൂല്യങ്ങൾ കുടിശ്ശിക വരുത്താതെ വിതരണം ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ 2023-24 വർഷം വരെയുള്ള കുടിശ്ശിക തീർത്തിട്ടുണ്ട്. സ്കോളർഷിപ്പുകൾ വിതരണം ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കാൻ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വെബ് പോർട്ടലുകൾ ഇ-ഗ്രാന്റ് പോർട്ടലുമായി ഇന്റഗ്രേറ്റ് ചെയ്യുന്നതിനും നടപടി സ്വീകരിച്ച് വരുന്നു. |
| (ബി) | പ്രസ്തുത ലംപ്സം ഗ്രാന്റ്/സ്റ്റൈപ്പൻഡ് വിതരണത്തിൽ തടസ്സം നേരിട്ടത് പരിഹരിക്കുന്നതിന് സർക്കാർ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ? | (ബി) | സംസ്ഥാനത്തെ നേഴ്സിംഗ് കോളേജുകളുൾപ്പെടെയുള്ള മുഴുവൻ സ്ഥാപനങ്ങളുടെയും 2021-22 അധ്യയന വർഷം വരെയുള്ള അപ്രൂവൽ ലഭിച്ച സ്കോളർഷിപ്പുകൾ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ 2021-22 അധ്യയന വർഷം മുതൽ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ ഡയറക്ട് ബെനിഫിട് |

| | | | |
|---|---|---|---|
| | | | ട്രാൻസ്ഫർ സ്കീം (SNA-PFMS) സംവിധാനം മുഖേന മാത്രമേ അനുവദിച്ച് നൽകുവാൻ പാടുള്ളൂവെന്ന കേന്ദ്ര സർക്കാർ നിബന്ധന വരുത്തിയത് കാരണം സ്കോളർഷിപ്പ് കുടിശ്ശിക ആവാൻ കാരണമായി.<br><br>പട്ടികജാതി വിദ്യാർത്ഥികളുടെ 2022-23 വർഷം വരെയുള്ള കുടിശ്ശിക തീർത്തിട്ടുണ്ട്. 2024 -25 വർഷം പട്ടികജാതി വിദ്യാർത്ഥികളുടെ ഇ-ഗ്രാന്റ്സ് ആവശ്യത്തിനായി 150 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ നിന്നും 30 കോടി രൂപ കുടിശ്ശിക വിതരണം ചെയ്തു. വിദ്യാഭ്യാസാനുകൂല്യങ്ങൾ കുടിശ്ശിക വരുത്താതെ വിതരണം ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ 2023-24 വർഷം വരെയുള്ള കുടിശ്ശിക തീർത്തിട്ടുണ്ട്. സ്കോളർഷിപ്പുകൾ വിതരണം ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കാൻ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വെബ് പോർട്ടലുകൾ ഇ-ഗ്രാന്റ് പോർട്ടലുമായി ഇന്റഗ്രേറ്റ് ചെയ്യുന്നതിനും നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ